# സ്നേഹവാനായ സ്വർഗ്ഗീയ പിതാവ് നമുക്കുണ്ട്

സാക് പുന്നൻ

WFTW 05 ഏപ്രിൽ 2015

പിതാവായ ദൈവം വിട്ടുവീഴ്ചയില്ലാത്ത ഒരാളാണെന്നും യേശു മാത്രമാണ് തങ്ങളെ സ്നേഹിക്കുന്നതെന്നും ഉള്ള തെറ്റായ ഒരാശയം അനേകർക്കുണ്ട്. ഇത് സത്യത്തിന്റെ സാത്താന്യമായ ഒരു വളച്ചൊടിക്കൽ ആണ്. നമ്മെ നമ്മുടെ പാപങ്ങളിൽ നിന്നു രക്ഷിക്കുവാനായി യേശുവിനെ അയച്ചത് പിതാവിന്റെ സ്നേഹമാണ്. യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു. “പിതാവു തന്നെ നിങ്ങളെ സ്നേഹിക്കുന്നു'' (യോഹ. 16:27). അവരുടെ സ്വർഗ്ഗസ്ഥ പിതാവ് പറവകൾക്ക് ഭക്ഷണം നൽകുകയും പൂക്കളെ അണിയിച്ചൊരുക്കുകയും ചെയ്യുന്നെങ്കിൽ, അവിടുന്ന് നിങ്ങളെ തീർച്ചയായും കരുതും എന്നും യേശു ശിഷ്യന്മാരോടു പറഞ്ഞു. സ്വർഗ്ഗസ്ഥപിതാവ് അവരുടെ ആവശ്യങ്ങളെല്ലാം അറിയുന്നതുകൊണ്ട് വ്യാകുല ചിത്തരാകേണ്ട ആവശ്യം ഇല്ല (മത്താ. 6:26-34).

ഭൌമികരായ പിതാക്കന്മാർ തങ്ങളുടെ മക്കൾക്ക് നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്റെ മക്കൾക്കും തീർച്ചയായും നല്ല ദാനങ്ങളെ കൊടുക്കും എന്നു കൂടി അവിടുന്നു അവരോടു പറഞ്ഞു (മത്താ. 7:11).

ഇതെല്ലാം വളരെ പ്രാഥമികമായ കാര്യങ്ങളാണെന്ന് നിങ്ങൾ പറഞ്ഞേക്കാം. എന്നാലും മിക്ക സമയങ്ങളിലും നാം പ്രാർത്ഥനയിൽ ദൈവത്തിന്റെ അടുത്തു വരുമ്പോൾ ദൈവം നമ്മുടെ അപേക്ഷ അനുവദിച്ചു തരുമെന്ന് യഥാർത്ഥമായി നാം വിശ്വസിക്കുന്നില്ല. കാരണം നമ്മോടുള്ള അവിടുത്തെ ആർദ്രതയും സ്നേഹവമുള്ള പിതൃനിർവിശേഷമായ കരുതലിനെ കുറിച്ച് നമുക്ക് നിശ്ചയമില്ല. അങ്ങനെ നാം നമ്മുടെ അവിശ്വാസത്താൽ ദൈവത്തെ പരിമിതപ്പെടുത്തുന്നു. നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ നിങ്ങളെ കേൾക്കുവാൻ ഇഷ്ടപ്പെടുന്നവനും നിങ്ങൾക്കു വേണ്ടി കരുതുന്നവനുമായ സ്നേഹവാനായ ഒരു പിതാവിനോട് സംസാരിക്കുകയാണെന്ന് യഥാർത്ഥമായി നിങ്ങൾ വിശ്വസിക്കുന്നുണ്ടോ.

പക്വമതികളായ വിശുദ്ധന്മാരാണെങ്കിൽ മാത്രമേ ദൈവം തങ്ങളെ കേൾക്കുകയുള്ളു എന്ന തോന്നൽ ചിലർക്കുണ്ടായേക്കാം. ഭൂമിയിലെ പിതാക്കന്മാരുടെ കാര്യത്തിൽ ഇതെങ്ങനെയാണ്? അയാൾക്ക് അനേകം മക്കൾ ഉണ്ടെങ്കിൽ, തന്റെ മൂന്നു വയസ്സു പ്രായമുള്ള മകനെ ശ്രദ്ധിച്ചു കേൾക്കുമോ? അയാൾ തന്റെ കൊച്ചു മക്കളോട് “നീ തീരെ ചെറുപ്പമായതിനാൽ എന്നോട് സംസാരിക്കാൻ പറ്റില്ല, എനിക്ക് നീ പറയുന്നത് ശ്രദ്ധിക്കുവാൻ കഴിയുകയില്ല'' എന്നു പറയുമോ? തീർച്ചയായും ഇല്ല. വാസ്തവത്തിൽ, ഒരു പിതാവ് തന്റെ മുതിർന്ന മക്കളെ ശ്രദ്ധിക്കുന്നതിനേക്കാൾ ഏറ്റവും ഇളയ കുഞ്ഞിനെ ശ്രദ്ധിക്കാനാണു കൂടുതൽ സാധ്യത. ദൈവത്തിന്റെ കാര്യത്തിലും അങ്ങനെ തന്നെയാണ്.

അവിടുന്നു പറയുന്നു: “അവരിൽ ചെറിയവൻ (ഏറ്റവും ഇളയവൻ) മുതൽ വലിയവൻ (ഏറ്റവും മുതിർന്നവൻ) വരെ എല്ലാവരും എന്നെ (പിതാവായി) അറിയും'' (എബ്രാ. 8:11). ഏറ്റവും ഇളയവനെയാണ് ആദ്യം എടുത്തു പറഞ്ഞിരിക്കുന്നത് എന്ന കാര്യം ശ്രദ്ധിക്കുക.

നിങ്ങൾ ഇന്നലെ മാത്രം വീണ്ടും ജനിച്ച ഒരാളാണെങ്കിൽ പോലും നിങ്ങൾക്കും ധൈര്യത്തോടെ ഇങ്ങനെ പറഞ്ഞുകൊണ്ട് ദൈവത്തിന്റെ അടുത്തു വരാം: “അല്ലയോ ദൈവമേ, അവിടുന്ന് എന്റെ പിതാവാണ്, ഞാൻ അവിടുത്തെ പൈതൽ ആണ്. അതുകൊണ്ട് അങ്ങയോട് സംസാരിക്കാനുള്ള ഒരവകാശം എനിക്കുണ്ട്! ഈ വിധത്തിലാണ് പ്രാർത്ഥനയിൽ ദൈവത്തിന്റെ അടുത്തേക്കു ചെല്ലുവാൻ യേശു തന്റെ ശിഷ്യന്മാരെ പ്രോൽസാഹിപ്പിച്ചത്.

നാം പ്രാർത്ഥിക്കുന്ന ഓരോ സമയവും നാം ദൈവത്തെ സമീപിക്കേണ്ടത്, നമ്മെ സ്നേഹിക്കുകയും, കരുതുകയും നമ്മിൽ താൽപര്യപ്പെടുകയും ചെയ്യുന്ന ഒരു പിതാവിന്റെ അടുത്തു ചെല്ലുന്നതു പോലെയാണ്.

അങ്ങനെ മാത്രമേ വിശ്വാസം ഉരുവാകുകയുള്ളു. വിശ്വാസം കൂടാതെ പ്രാർത്ഥിക്കുന്നതിൽ ഒരു പ്രയോജനവും ഇല്ല.

ദൈവം നല്ല ദൈവമാണ്. അവിടുന്ന് തന്റെ മക്കൾക്ക് നല്ല ദാനങ്ങൾ കൊടുക്കാൻ ഇഷ്ടപ്പെടുന്നു. സങ്കീ. 84:11ൽ വേദപുസ്തകം ഇങ്ങനെ പറയുന്നു "നേരായി നടക്കുന്നവർക്ക് അവിടുന്ന് ഒരു നന്മയും മുടക്കുന്നില്ല.'' സങ്കീ. 37:4ൽ ഇങ്ങനെ പറയുന്നു "യഹോവയിൽ തന്നെ ആനന്ദിക്കുക, അപ്പോൾ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങൾ അവിടുന്നു സാധിച്ചു തരും.'' പഴയ നിയമത്തിലെ ഈ വാഗ്ദാനങ്ങളെല്ലാം പുതിയനിയമത്തിൽ യേശുവിനാൽ, മറ്റനേകം വാഗ്ദാനങ്ങളോട് ചേർത്ത്, അംഗീകരിക്കപ്പെടുകയും സ്ഥിരീകരിക്കപ്പെടുകയും വർദ്ധമാനമാക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഇതാണ് നമ്മുടെ വിശ്വാസത്തിന്റെ അടിത്തറ - ദൈവത്തെ നമ്മുടെ സ്നേഹവാനായ പിതാവായുള്ള ബോധപൂർവ്വമായ ഏറ്റു പറച്ചിൽ.